പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 327 08.06.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം

**ചോദ്യം**

ശ്രീ. ടി.വി. രാജേഷ് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ബി) | ഒരു വിഭാഗം ജീവനക്കാർ പെൻഷൻ പ്രായം ഉയർത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ ഹർജി പരിഗണിക്കവെ സർക്കാർ അഭിഭാഷകനും കെ.എസ്.ആർ.ടി.സി.യുടെ അഭിഭാഷകനും മൗനം പാലിച്ചതിനാൽ ഹർജിക്കാർക്ക് അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ അഭിഭാഷകൻ കെ.എസ്.ആർ.ടി.സി.യുടെ ഭാഗം ബഹു. കോടതിയെ ബോദ്ധ്യപ്പെടുത്തിയതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | പെൻഷൻ പ്രായം ഉയർത്തുന്ന നിലപാട് സ്വീകരിക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് കനത്ത പ്രഹരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ചു കോടതിയിൽ സത്യ വാങ്ങ് മൂലം സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ? | (സി) | എതിർ സത്യവാങ്ങ് മൂലം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ